പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4191 | 03-02-2014-ൽ മറുപടിക്ക്

**മഴവെള്ള സംഭരണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മഴക്കാലത്ത് ജലം സംഭരിക്കുന്നതിന് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പൊതുജനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ജലനിധിയുടെ ആഭിമുഖ്യത്തിൽ മഴക്കാലത്ത് ജലം സംഭരിക്കുന്നതിനായി പതിനായിരം ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനായി പൊതുജനങ്ങൾക്ക് സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യത്തിനായി എ.പി.എൽ വിഭാഗത്തിലുള്ള ഗുണഭോക്താവിന് സംഭരണി നിർമ്മാണ ചെലവിന്റെ 10% ഗുണഭോക്തൃവിഹിതമായും ബി.പി.എൽ. വിഭാഗത്തിലുള്ള ഗുണഭോക്താവിന് ചെലവിന്റെ 5% ഗുണഭോക്തൃവിഹിതം ആയും ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ എൻ.ആർ.ഡി.ഡബ്ല്യു.പി. (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം) -ൽ നിന്നും കേരള വാട്ടർ അതോറിറ്റിയ്ക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്. സംഭരണികൾ രണ്ട് കുടുംബങ്ങൾ ക്കെങ്കിലും പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് വിഭാവനം ചെയ്യേണ്ടത്. 2002 മുതൽ കേരള വാട്ടർ അതോറിറ്റി 'വർഷ പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു വേണ്ട ചെലവിന്റെ 90% കേന്ദ്ര സർക്കാർ വിഹിതവും, ബാക്കി 10% ഗുണഭോക്തൃവിഹിതവുമാണ്. 1487 ഡബിൾ |

ഫാമിലി യൂണിറ്റുകൾക്ക് 2011-ൽ നടന്ന എസ്.എൽ.എസ്.എസ്.സി. (സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷണിംഗ് അതോറിറ്റി) -യിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ജലസംഭരണികളുടെ നിർമ്മാണത്തിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

(ബി) യും (സി) യും

ജലനിധി ചുമതലപ്പെടുത്തിയിട്ടുള്ള സന്നദ്ധസംഘടനകൾ താഴെ പ്പറയുന്നവയാണ്:

**കണ്ണൂർ ജില്ല** - റൂറൽ ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് സൊസൈറ്റി, ആലകോട് (RIDS)

**ഇടുക്കി ജില്ല** - ഗാന്ധിജി സ്റ്റഡി സെന്റർ, തൊടുപുഴ, കോട്ടയം സോഷ്യൽ സർവ്വീസ സൊസൈറ്റി, കോട്ടയം (കെ.എസ്.എസ്.എസ്.) സോളിഡാരിറ്റി മൂവ് മെന്റ് ഓഫ് ഇൻഡ്യ, കഞ്ഞിക്കുഴി.

**കോട്ടയം ജില്ല** - ദ അന്ത്യോദയ, അങ്കമാലി, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫ ണ്ടേഷൻ (എസ്.ഇ.യു.എഫ്), തിരുവനന്തപുരം.

കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ താഴെപ്പറയുന്നവയാണ്:

1. അന്ത്യോദയ - അങ്കമാലി - എറണാകുളം.
2. രാജഗിരി - കളമശ്ശേരി - എറണാകുളം.
3. സോഷ്യോ എക്കണോമിക് യൂണിറ്റ്, കോട്ടയം.

ഇവയെ കൂടാതെ ദർഘാസുകൾ ക്ഷണിച്ച് കരാറുകൾ മുഖേനയും പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ